

# റൊമില ഥാപ്പർ

## ആദിമ ഇന്ത്യാചരിത്രം

പൗരാണിക ഇന്ത്യയിൽ അരങ്ങേറിയ സംഭവവികാസങ്ങൾക്കുമേൽ പുനരെഴുതപ്പെട്ട ചരിത്രഭാഷ്യം. വെറുമൊരു ഭൂതകാല വിവരണമാകാതെ, വർത്തമാന–ഭൂതകാലങ്ങളുടെ താരതമ്യപഠനത്തെ മുൻനിർത്തി രചിക്കപ്പെട്ട അമൂല്യഗ്രന്ഥം. കാലാനുക്രമത്തിൽ വസ്തുതകളെ വിവരിക്കുന്നുണ്ടെങ്കിലും സാമൂഹികവും സാമ്പത്തികവുമായ ചരിത്രപരിണാമങ്ങളെ വിശദീകരിക്കുന്നു എന്നതിലാണ് ഈ ഗ്രന്ഥത്തിന്റെ യഥാർത്ഥ മൂല്യം നിലനില്ക്കുന്നത്. അന്ധവിശ്വാസങ്ങളാൽ എഴുതപ്പെട്ട ഇന്ത്യയുടെ ചരിത്രത്തിനു പിന്നിലെ സത്യത്തെ, വ്യക്തവും ശക്തവുമായ തനതുശൈലിയിലൂടെ അന്വേഷിക്കുകയാണ് റൊമില ഥാപ്പർ ഈ ഗ്രന്ഥത്തിൽ.

വിവർത്തനം: പി.കെ. ശിവദാസ്



കവർ ഡിസൈൻ: പ്രിയരഞ്ജൻലാൽ

ഡിസിബുക്സ്

www.dcbooks.com

ചരിത്രം

9 788126 422821 00005

₹ 625

റൊമില ഥാപ്പർ

ആദിമ ഇന്ത്യാചരിത്രം

DCB

114

# റൊമില ഥാപ്പർ

## ആദിമ ഇന്ത്യാചരിത്രം

5-ാം പതിപ്പ്

The Penguin History of Early India: From the Origins to AD 1300

Romila Thapar

DCB

1747

LIBRARY
College Of Avian Sciences & Management

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1747 Call No.........................

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

## റൊമില ഥാപ്പർ

1931-ൽ ജനനം. പ്രശസ്ത ഹിസ്റ്റോറിയൻ. പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദം നേടി. കൊൽക്കത്ത യൂണിവേഴ്സിറ്റി, ഓക്സ്ഫഡ് യൂണിവേഴ്സിറ്റി, ലണ്ടൻ യൂണിവേഴ്സിറ്റി, ചിക്കാഗോ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽനിന്ന് ഡോക്ടറേറ്റ് ലഭിച്ചു. ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി, കോർനെൽ യൂണിവേഴ്സിറ്റി, പെൻസിൽവാനിയ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ പ്രൊഫസറായും വിസിറ്റിങ് പ്രൊഫസറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. പദ്മഭൂഷൺ ബഹുമതി രണ്ടുതവണ (1992, 2005) നിരസിച്ചു. ക്ലൂജി പ്രൈസ് (2008) ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. *Ashoka and the Decline of the Maurya, Ancient Indian Social History: Some Interpretations, Recent Perspectives of Early Indian History (Editor), Somanatha: The Many Voices of a History, A History of India Volume One and Two, Early India: From the Origins to AD 1300* എന്നിവ പ്രധാന കൃതികൾ.

### റൊമില ഥാപ്പറിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

ആദിമ ഇന്ത്യാചരിത്രം

സോമനാഥ

## പി.കെ. ശിവദാസ്

15 വർഷത്തോളം ഫ്രീ പ്രസ് ജേണൽ (മുംബൈ), ടൈംസ് ഓഫ് ഡെക്കാൻ (ബാംഗ്ലൂർ), ന്യൂസ് ടുഡെ (ചെന്നൈ), ഇന്ത്യൻ എക്സ്പ്രസ് (അഹമ്മദാബാദ്, ബറോഡ, ചണ്ഡീഗഢ്), ഇന്ത്യൻ കമ്യൂണിക്കേറ്റർ (കൊച്ചി) എന്നിവയ്ക്കുവേണ്ടി പത്രപ്രവർത്തകൻ, ഇല്ലസ്ട്രേറ്റർ, എഴുത്തുകാരൻ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. പഠനങ്ങളും കഥകളും വിവർത്തനം ചെയ്തിട്ടുണ്ട്. റിവേഴ്സ് ഡിക്ഷ്ണറി, സ്പോർട്സ് എൻസൈക്ലോപീഡിയ എന്നിവ തയ്യാറാക്കി. 2019 മേയിൽ അന്തരിച്ചു.

ഡി സി ബുക്സ് പ്രസിദ്ധീകരിച്ച
ചരിത്ര പുസ്തകങ്ങൾ പരിചയപ്പെടാൻ
ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

റൊമില ഥാപ്പർ

# ആദിമ ഇന്ത്യാചരിത്രം

വിവർത്തനം

പി.കെ. ശിവദാസ്

ഡി സി ബുക്സ്

# ഉള്ളടക്കം


| | |
|---|---|
| പരിഭാഷയെന്ന പഠനവിദ്യ | 9 |
| മുഖവുര | 11 |
| **കൃതജ്ഞത** | 13 |
| ഗ്രന്ഥസൂചികളെക്കുറിച്ചുള്ള കുറിപ്പ് | 14 |
| കാലക്രമം<br>ഉ.ക്രി.മു.1000–ക്രി.പി.1300 | 15 |
| ആമുഖം | 19 |
| ഭുതകാലത്തെക്കുറിച്ചുള്ള ധാരണകൾ | 37 |
| ഭൂദൃശ്യങ്ങളും ജനതകളും | 81 |
| **പൂർവകാലചരിത്രം** | 119 |
| മൂപ്പൻവാഴ്ചാപ്രദേശങ്ങളിലേക്കും രാജവാഴ്ചാപ്രദേശങ്ങളിലേക്കും<br>ഉ.ക്രി.മു.1200–600 | 154 |
| സിന്ധു-ഗംഗാസമതലത്തിലെ ഭരണകൂടങ്ങൾ, നഗരങ്ങൾ<br>ഉ.ക്രി.മു.600–300 | 201 |
| സാമ്രാജ്യത്തിന്റെ ഉദയം : മൗര്യൻ ഇന്ത്യ<br>ഉ.ക്രി.മു.321–185 | 246 |
| രാഷ്ട്രീയത്തെക്കുറിച്ച്, കച്ചവടത്തെക്കുറിച്ച്<br>ഉ.ക്രി.മു.200–ക്രി.പി.300 | 288 |
| വണികസമുദായത്തിന്റെ ഉദയം<br>ഉ.ക്രി.മു.200–ക്രി.പി.300 | 332 |
| പ്രാരംഭകാലം<br>ഉ.ക്രി.പി.300–700 | 373 |
| ഉപദ്വീപ്: ഉദയംകൊള്ളുന്ന പ്രാദേശിക രാജ്യങ്ങൾ<br>ഉ.ക്രി.പി.500–900 | 428 |
| ഉപദ്വീപ്: അധികാരങ്ങളുടെ, ഘടനകളുടെ സംസ്ഥാപനം<br>ഉ.ക്രി.പി.900–1300 | 471 |

ഉത്തരേന്ത്യയുടെ രാഷ്ട്രീയം
ഉ.ക്രി.പി.700--1200 521
ഉത്തരേന്ത്യ: വിതരിത രാഷ്ട്രീയസമ്പദ്വ്യവസ്ഥകൾ,
പ്രാദേശികസംസ്കാരങ്ങൾ
ഉ.ക്രി.പി. 800–1300 565

ഭൂപടങ്ങൾ 623
തിരഞ്ഞെടുത്ത ഗ്രന്ഥസൂചി 637
പൊതുഗ്രന്ഥസൂചി 664
പദസൂചി 667

# പരിഭാഷയെന്ന പഠനവിദ്യ

ഈ കുറിപ്പ് ഒരു ഏറ്റുപറച്ചിലാണ്. ഇതിലൂടെ ഞാൻ ഏറ്റുപറയുന്നത് ഇത്രയും: പരിഭാഷ ഒരു പഠനവിദ്യ കൂടിയാണ്. ഔപചാരിക പഠന കാലത്ത് ചരിത്രം തീയതികളുടെ നൂലാമാലയും മഹാരഥന്മാരുടെ ജയഗാഥകളും മാത്രമായിരുന്നു. തോറ്റവർക്ക് ചരിത്രമുണ്ടെന്ന് അന്നൊന്നും മനസ്സിലായിരുന്നില്ല. പത്തിരുപത്തിനാല് വയസ്സുള്ളപ്പോൾ തിരുവനന്തപുരത്തെ സോഷ്യൽ സയന്റിസ്റ്റ് പ്രസിനുവേണ്ടി ഇഎംഎസിന്റെ 'ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രം' ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുന്ന നാലംഗസംഘത്തിൽ ഒരാളായി പ്രവർത്തിച്ചു വന്നപ്പോഴാണ് ചരിത്രത്തിന്റെ ജനകീയമുഖം പരിചയപ്പെടുന്നത്. ഏതാണ്ട് സമാന്തരമായി കേരള ശാസ്ത്രസാഹിത്യപരിഷത്തിനുവേണ്ടി ഗോർഡൻ ചൈൽഡിന്റെ 'What Happened In History' (ഇതിഹാസത്തിന്റെ ഇതിഹാസം എന്നാണ് ഒറ്റയടിക്ക് ശ്രീ.പി.ഗോവിന്ദപ്പിള്ള ഈ ശീർഷകം തർജ്ജമ ചെയ്തത്; പിന്നീട് എഡിറ്റർ ഡോ.നാരായണമേനോൻ അതു മാറ്റി) പരിഭാഷപ്പെടുത്താനും അവസരം കിട്ടി.

പിന്നീട് ഡി.ഡി.കൊസാംബിയുടെ "രോഷജനകമായ പ്രബന്ധങ്ങൾ" ചെയ്യുമ്പോഴും രണജിത്ത് ഗുഹ എഡിറ്റുചെയ്ത *Subaltern Studies* വായിക്കുമ്പോഴും ഡോ.എൻ.എം.നമ്പൂതിരിയോടൊത്ത് വാണിയംകുളം പഞ്ചായത്ത് ഗസറ്റിയർ എന്ന പദ്ധതിയിലൂടെ, ഒരു ജനകീയചരിത്രരചനാരീതി കരുപ്പിടിപ്പിക്കാൻ കഠിനാധ്വാനം ചെയ്യുമ്പോഴും എല്ലാം ചരിത്രത്തിന്റെ വർത്തമാനസജീവതയും ഭാവസാധ്യതയും തിരിച്ചറിയുകയായിരുന്നു. വഴിക്കെവിടെയോവച്ച് റൊമില ഥാപ്പറുടെ കൃതികളിലൂടെ സഞ്ചരിച്ചിട്ടുണ്ട്. പക്ഷെ, 'ആദിമ ഇന്ത്യാചരിത്രം' പരിഭാഷ ആരംഭിച്ചപ്പോഴാണ് വാസ്തവത്തിൽ സൂക്ഷ്മ വായന തരപ്പെട്ടത്. ചരിത്രരചനാപദ്ധതികളുടെ വിശകലനം മുതൽ ചരിത്ര സാമഗ്രികളുടെ അപഗ്രഥനത്തിലൂടെ ചരിത്രരചനാപൂർത്തിയാൽ സാകല്യം പ്രാപിച്ച ഈ കൃതി ചരിത്രമെന്ന വിജ്ഞാനശാഖയുടെ വിശ്വരൂപം എനിക്ക് ബോധ്യപ്പെടുത്തിത്തന്നു. ആ മനീഷിക്കുമുന്നിൽ വിനയപൂർവം പ്രണമിച്ചുകൊള്ളട്ടെ.

വർത്തമാനകാലസമസ്യകളെ മനസ്സിലാക്കാനും ഭാവിയെക്കുറിച്ച് പഠനാധിഷ്ഠിതമായ പദ്ധതികൾ മെനയാനും മനുഷ്യനെ പ്രാപ്തനാക്കുംവിധം ചരിത്രത്തെ സചേതനമായ ഒരു ഉപകരണമാക്കുന്ന റൊമില ഥാപ്പറുടെ ഈ പ്രൗഢകൃതി വായനക്കാർ നെഞ്ചോടുചേർക്കുമെന്ന് എനിക്കുറപ്പുണ്ട്; ഇംഗ്ലീഷ് കൃതിക്കും മലയാളി വായനക്കാർക്കും ഇടയിൽ ഒരു പാലം പണിയാൻ ആയതിൽ കൃതാർത്ഥതയും.

**പി.കെ.ശിവദാസ്**